(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഓരോ വർഷവും സാംസ്കാരിക കാര്യവകുപ്പ് എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സാംസ്കാരിക കാര്യവകുപ്പിന് കീഴിലുള്ള ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക കാര്യവകുപ്പിന് കീഴിൽ ആറു അക്കാദമികളും പതിമൂന്നു സ്മാരകങ്ങളും പതിനൊന്ന് മറ്റു സ്ഥാപനങ്ങളും നിലവിലുണ്ട്.

(ബി, സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം

171 [947] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി തിരുവനന്തപുരത്ത് സ്മാരകം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ചരിത്ര സ്മാരകം സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സർക്കാർ തലത്തിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ മുൻപ് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) ഇൻഡ്യൻ ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാന പുരാരേഖാ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ ഉൾക്കൊള്ളിച്ച് പുരാരേഖ വകുപ്പിന്റെ ചുമതലയിൽ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ?

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഇതു സംബന്ധിച്ച പ്രോജക്ട് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി, സി) നിർദ്ദേശം പരിഗണനയിലാണ്.

(ഡി) ഇല്ല.

(ഇ) പരിശോധിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

172 [948] ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ പലതും വിതരണത്തിന് യഥാസമയം കേരളാ സ്റ്റേറ്റ് ബുക്ക് മാർക്കിൽ എത്തിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ;

(ബി) സ്വകാര്യ ഏജൻസികൾക്ക് പുസ്തകങ്ങൾ വിതരണത്തിന് നല്കുന്നതിനെ കുറിച്ച് അന്വേഷിക്കുമോ ;

(സി) നിശ്ചിത തുകയ്ക്ക് മാത്രമേ പുസ്തകങ്ങൾ ബുക്ക് മാർക്കിന് നൽകുവെന്ന് പരിധിനിശ്ചയിച്ചിട്ടുള്ളത് എടുത്തുകളയുവാനും, സബ്സിഡി നിരക്കിൽ പുസ്തകങ്ങൾ വായനക്കാർക്ക് ബുക്ക് മാർക്കിലൂടെ വിതരണത്തിനെത്തിക്കാനും അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ, ബി) സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് വില്പനയ്ക്കായി നല്കുന്നുണ്ട്. പുസ്തകങ്ങളുടെ വില്പന ത്വരിതപ്പെടുത്തുന്നതിനായി ചില സ്ഥാപനങ്ങൾ സ്വകാര്യ ഏജൻസികൾക്ക് നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly